REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 01-02-2025 **സമയം** 12.30 PM

## പ്രധാന വാർത്തകൾ

- ആദായനികുതി പരിധി 12 ലക്ഷമാക്കി ഉയർത്തി ധനമന്ത്രി നിർമ്മലാ സീതാരാമന്റെ കേന്ദ്ര ബജറ്റ് . പുതിയ ആദായ നികുതി സ്ലാബുകൾ ഏർപ്പെടുത്തി.
- മധ്യവർഗ്ഗത്തിന്റെ ജീവിത നിലവാരമുയർത്താൻ ആവശ്യമായ ഒട്ടേറെ നിർദ്ദേശങ്ങൾ ബജറ്റിലുണ്ടെന്ന് നിർമ്മലാ സീതാരാമൻ.
- കിസാൻ ക്രഡിറ്റ് കാർഡിലെ വായ്പാ പരിധി അഞ്ച് ലക്ഷം രൂപയാക്കി ഉയർത്തി.
- ഗ്രാമീണ സമ്പദ് വ്യവസ്ഥ ശക്തിപ്പെടുത്താൻ ഇന്ത്യാ പോസ്റ്റ് ശൃംഖലയെ പ്രയോജനപ്പെടുത്തും.
- രാജ്യത്തെ മെഡിക്കൽ കോളജുകളിൽ 15,000 ത്തോളം സീറ്റുകൾ കൂടി ലഭ്യമാക്കും.
- രാജ്യത്തിന്റെ തീരാതിർത്തികൾ സംരക്ഷിക്കുന്നതിൽ കോസ്റ്റ് ഗാർഡ് പുലർത്തുന്ന ധീരതയും, അർപ്പണബോധവും, നിതാന്ത ജാഗ്രതയും പ്രധാനമന്ത്രി നരേന്ദ്രമോദി എടുത്തുപറഞ്ഞു.

## വാർത്തകൾ വിശദമായി

ആദായനികുതി പരിധി ഉയർത്തിയും മധ്യവർഗ്ഗത്തിന്റെ ജീവിത നിലവാരം ഉയർത്താൻ ആവശ്യമായ നടപടികൾ ഉൾപ്പെടുത്തി ധനമന്ത്രി നിർമ്മലാ സീതാരാമൻ എട്ടാമത്തെ ബജറ്റ് ലോക്സഭയിൽ അവതരിപ്പിച്ചു.

**ആദായനികുതി ഘടനയിൽ സമഗ്ര മാറ്റം കൊണ്ടുവരുമെന്നും ധനമന്ത്രി അറിയിച്ചു. ഇതിനായി പുതിയ ആദായ നികുതി ബിൽ അടുത്ത ആഴ്ച്ച കൊണ്ടു വരും. ആദായനികുതി ഘടന പരമാവധി ലളിതമാക്കുമെന്നും വ്യവഹാരങ്ങൾ ലഘൂകരിക്കുകയാണ് ലക്ഷ്യമെന്നും ധനമന്ത്രി പറഞ്ഞു. മുതിർന്ന പൗരന്മാരുടെ ഉറവിട നികുതി പരിധി ഉയർത്തും. ഇവരുടെ സ്റ്റാൻഡേർഡ് ഡിഡക്ഷൻ ഒരു ലക്ഷം രൂപയായി ഉയർത്തും. ആദായനികുതി പരിധി 12 ലക്ഷം രൂപയാക്കി ഉയർത്തി പുതിയ ആദായനികുതി സ്ലാബുകളും പ്രഖ്യാപിച്ചു.**

**പുതിയ നികുതി ഘടനയനുസരിച്ച് നാല് ലക്ഷം രൂപ വരെ നികുതിയില്ല. നാല് ലക്ഷം രൂപ മുതൽ എട്ട് ലക്ഷം രൂപ വരെ അഞ്ച് ശതമാനവും, എട്ട് മുതൽ 12 ലക്ഷം രൂപ വരെ പത്ത് ശതമാനവും നികുതി ഈടാക്കും. 12 മുതൽ 16 ലക്ഷം രൂപ വരെ 15 ശതമാനവും 16 മുതൽ 20 ലക്ഷം രൂപ വരെ 20 ശതമാനവും ആയിരിക്കും നികുതി.**

**20 മുതൽ 24 ലക്ഷം രൂപ വരെ 24 ശതമാനവും, അതിനുമുകളിൽ 30 ശതമാനവുമായിരിക്കും ആദായനികുതി.**

**ലോകത്തെ ഏറ്റവും വേഗം വളരുന്ന സമ്പദ് വ്യവസ്ഥയാണ് ഇന്ത്യയുടേതെന്ന് ധനമന്ത്രി നിർമ്മലാ സീതാരാമൻ പറഞ്ഞു. പത്ത് പ്രമുഖ മേഖലകൾക്ക് മുൻഗണന നൽകുന്ന ബജറ്റ് സമഗ്ര വളർച്ചയുടെ പാതയിലേക്ക് എല്ലാവരെയും നയിക്കുകയെന്ന ലക്ഷ്യത്തോടെയാണെന്ന് ബജറ്റ് പ്രസംഗത്തിന്റെ ആമുഖത്തിൽ അവർ പറഞ്ഞു. വികസിത് ഭാരത് എന്ന ലക്ഷ്യത്തോടെ വളർച്ചയെ ത്വരിതപ്പെടുത്തുന്ന ബജറ്റാണ് അവതരിപ്പിക്കുന്നതെന്നും, മധ്യവർഗ്ഗത്തിന്റെ ശാക്തീകരണത്തിന് പ്രധാന ഊന്നൽ നൽകിയിട്ടുണ്ടെന്നും ധനമന്ത്രി പറഞ്ഞു. വളർച്ച ഉത്തേജിപ്പിക്കുന്ന തൊഴിലധിഷ്ഠിത വികസനത്തിന് അടുത്ത അഞ്ച് വർഷങ്ങളിൽ പ്രാമുഖ്യം നൽകും.**

**പയർ വർഗ്ഗങ്ങളുടെ ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ ആറു വർഷം നീളുന്ന ദൗത്യത്തിന് തുടക്കമിടും. മഖാനാ കൃഷി പ്രോത്സാഹനത്തിന് ബിഹാറിൽ മഖാനാ ബോർഡ് രൂപീകരിക്കും. കിഴക്കൻ മേഖലയിൽ യൂറിയ ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ മൂന്ന് നിർമ്മാണ ശാലകൾ ആരംഭിക്കും. കിസാൻ ക്രഡിറ്റ് കാർഡ് പദ്ധതിയുടെ പരിധി അഞ്ച് ലക്ഷമാക്കി ഉയർത്തി. നേരത്തെ ഇത് മൂന്ന് ലക്ഷം രൂപയായിരുന്നു.**

സംസ്ഥാനങ്ങളുമായി യോജിച്ച് ജൻധാന്യ യോജന നടപ്പാക്കും- P.M ധൻധാന്യയോജനയും വ്യാപിപ്പിക്കും.

✪✪✪

നികുതി, ഊർജ്ജമേഖല, നഗര വികസനം, ഖനനം, സമ്പദ് മേഖല, നിയന്ത്രണ പരിഷ്ക്കരണങ്ങൾ എന്നിവയിൽ പരിവർത്തനാത്മകമായ മാറ്റങ്ങൾ നടപ്പാക്കും. വികസനത്തിന്റെ പാതയിൽ കൃഷി, MSME, നിക്ഷേപം, കയറ്റുമതി എന്നിവ പ്രധാന ശക്തി സ്രോതസ്സുകളാണെന്നും അവർ പറഞ്ഞു.

ഗ്രാമീണ സമ്പദ് വ്യവസ്ഥ ശക്തിപ്പെടുത്താൻ ഇന്ത്യാ പോസ്റ്റ് ശൃംഖലയെ പ്രയോജനപ്പെടുത്തും. വായ്പാ- സുരക്ഷാ പദ്ധതി വ്യാപകമാക്കും. മൈക്രോ സംരംഭങ്ങൾക്ക് ഇപ്പോഴത്തെ അഞ്ച് കോടി രൂപയിൽ നിന്ന് പത്ത് കോടി രൂപയുടെ വരെ വായ്പ ഉറപ്പാക്കും. അടുത്ത അഞ്ച് വർഷംകൊണ്ട് ഒന്നര ലക്ഷം കോടി രൂപ വായ്പ നൽകാനാണ് ലക്ഷ്യമിടുന്നത്. MSME ടേം ലോണുകൾ 20 കോടി രൂപ വരെയാക്കി ഉയർത്തും.

എട്ട് കോടി കുഞ്ഞുങ്ങൾക്കും ഒരു കോടി ഗർഭിണികൾക്കും പോഷകാഹാരം ലഭ്യമാക്കാൻ നടപടിയെടുക്കും. തദ്ദേശീയ കളിപ്പാട്ട നിർമ്മാണ മേഖലയെ പ്രോത്സാഹിപ്പിക്കുമെന്നും ഇതിനായി മെയിഡ് ഇന്ത്യ ടാഗിന് പ്രചാരണം നൽകുമെന്നും ധനമന്ത്രി ബജറ്റ് അവതരണ വേളയിൽ പറഞ്ഞു.

രാജ്യത്തെ ഗവൺമെന്റ് മെഡിക്കൽ കോളജുകളിൽ 15,000 ത്തോളം സീറ്റുകൾ കൂടി ലഭ്യമാക്കും. 2014 നു ശേഷം ആരംഭിച്ച IIT കളിലും കൂടുതൽ വിദ്യാർത്ഥികൾക്ക് പ്രവേശന സൗകര്യമൊരുക്കും. പാലക്കാട് IIT ഉൾപ്പെടെ രാജ്യത്തെ അഞ്ച് IIT കളുടെ അടിസ്ഥാന വികസനത്തിന് പ്രത്യേക ഫണ്ട് നീക്കി വെക്കുമെന്നും ധനമന്ത്രി അറിയിച്ചു. രാജ്യത്ത് AI വിദ്യാഭ്യാസം ലക്ഷ്യമിട്ട് മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുമെന്നും നിർമ്മല സീതാരാമൻ പറഞ്ഞു. രാജ്യത്തെ ഹയർസെക്കണ്ടറി സ്കൂളുകളിൽ ഇന്റർനെറ്റ് സൗകര്യം ഉറപ്പാക്കും. 50,000 അടൽ ടിങ്കറിംഗ് ലാബുകളും സജ്ജമാക്കും. മെയ്ക്ക് ഇൻ ഇന്ത്യ പദ്ധതിയിൽ രാജ്യത്ത് അഞ്ച് നൈപുണ്യ വികസന കേന്ദ്രങ്ങളും സ്ഥാപിക്കും.

✪✪✪

ആണവമേഖലയിൽ സ്വകാര്യ പങ്കാളിത്തം കൊണ്ടു വരുമെന്ന് ധനമന്ത്രി നിർമ്മലാ സീതാരാമൻ പറഞ്ഞു. നൂറ് ജിഗാവാട്ടിന്റെ ആണവ

നിലയങ്ങൾ രാജ്യത്ത് സ്ഥാപിക്കുമെന്നും ബജറ്റ് പ്രസംഗത്തിൽ അവർ അറിയിച്ചു.

ഇൻഷുറൻസ് മേഖലയിലെ വിദേശ നിക്ഷേപം 74 ശതമാനത്തിൽ നിന്ന് 100 ശതമാനമാക്കി ഉയർത്തുമെന്നും ധനമന്ത്രി വ്യക്തമാക്കി. ഇലക്ട്രിക് വാഹനങ്ങൾക്ക് പ്രോത്സാഹനം നൽകും. ഇതിനായി ലിഥിയം അയോൺ ബാറ്ററികളുടെ കസ്റ്റംസ് തീരുവ ഒഴിവാക്കി.

ആറ് ജീവൻരക്ഷാ മരുന്നുകളുടെ വില കുറയും. ഇതോടൊപ്പം ജില്ലാ ആശുപത്രികളിലെല്ലാം ഡേ കെയർ കാൻസർ സെന്ററുകളും സ്ഥാപിക്കും.

രാജ്യത്തെ വിനോദ സഞ്ചാര മേഖലയുടെ വളർച്ചയ്ക്ക് സ്വാകാര്യപങ്കാളിത്തത്തോടെ അമ്പതു കേന്ദ്രങ്ങൾ വികസിപ്പിക്കുമെന്നും ധനമന്ത്രി.

ബിഹാറിനെ രാജ്യത്തിന്റെ ഭക്ഷ്യ ഹബ്ബ് ആക്കി മാറ്റുമെന്നും ബിഹാറിൽ പുതിയ ഫുഡ് ടെക്നോളജി ഇൻസ്റ്റിട്യൂട്ട് സ്ഥാപിക്കുമെന്നും അവർ പറഞ്ഞു.

രാജ്യത്തെ വനിതാ സംരംഭകർക്ക് രണ്ടര കോടി വരെ വായ്പ നൽകുമെന്നും, ആദിവാസി വനിതാ സംരംഭങ്ങൾക്ക് പ്രത്യേക സഹായം ലഭ്യമാക്കുമെന്നും ധനമന്ത്രി അറിയിച്ചു. രാജ്യത്തെ ഹോംസ്റ്റേകൾക്ക് മുദ്രാലോൺ അനുവദിക്കുമെന്നും സ്വയംസഹായ സംഘങ്ങൾക്ക് ഗ്രാമീണ ക്രെഡിറ്റ് കാർഡ് സൗകര്യം ഏർപ്പെടുത്തുമെന്നും ബജറ്റിൽ പ്രഖ്യാപിച്ചു.

കുംഭമേളയെ ചൊല്ലി പ്രതിപക്ഷ ബഹളത്തോടെയായിരുന്നു ബജറ്റ് അവതരണത്തിന്റെ തുടക്കം. ബജറ്റിനു ശേഷം മറ്റു വിഷയങ്ങൾ ചർച്ച ചെയ്യാമെന്ന് സ്പീക്കർ ഓം ബിർള പറഞ്ഞെങ്കിലും പ്രതിപക്ഷം അത് ചെവിക്കൊണ്ടില്ല.

✪✪✪

ബജറ്റ് അവതരണ ദിവസത്തിൽ ഓഹരി വിപണിയിൽ നേട്ടമുണ്ടായി. ധനമന്ത്രി നിർമ്മല സീതാരാമന്റെ ബജറ്റ് പ്രസംഗത്തിന് മുമ്പ് സെൻസെക്സ് 200 പോയിന്റ് ഉയർന്നു. ബജറ്റ് പ്രമാണിച്ച് ഇന്ന് ഓഹരി വിപണിയുടെ പ്രത്യേക സെഷൻ ആണ് നടക്കുന്നത്. രാവിലെ വ്യാപാരം ആരംഭിച്ചപ്പോൾ സെൻസെക്സ് 184 പോയിന്റ് ഉയർന്ന് 77,685.03 എന്ന നിലയിലാണ് വ്യാപാരം നടന്നത്. നിഫ്റ്റി 50, 0.23 ശതമാനം ഉയർന്ന് 23,561.65 പോയിന്റിലെത്തി.

✪✪✪

രാജ്യത്തിന്റെ തീരാതിർത്തികൾ സംരക്ഷിക്കുന്നതിൽ കോസ്റ്റ് ഗാർഡ് പുലർത്തുന്ന ധീരതയും, അർപ്പണബോധവും, നിതാന്ത ജാഗ്രതയും പ്രധാനമന്ത്രി നരേന്ദ്രമോദി എടുത്തുപറഞ്ഞു. കടൽസുരക്ഷ മുതൽ ദുരന്ത നിവാരണ പ്രവർത്തനങ്ങൾ വരെയും, കള്ളക്കടത്ത് തടയൽ മുതൽ പരിസ്ഥിതി സംരക്ഷണം വരെയും കോസ്റ്റ് ഗാർഡിന്റെ കൈകളിൽ സുരക്ഷിതമാണെന്ന് സേനാ രൂപീകരണ ദിനത്തിൽ പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

Aadhaar Authentication for Good Governance ഭേദഗതി നിയമം 2025 കേന്ദ്രഗവണ്മെന്റ് വിജ്ഞാപനം ചെയ്തു. പൊതുതാൽപ്പര്യം മുൻനിർത്തി കൂടുതൽ ഗവണ്മെന്റ് സ്ഥാപനങ്ങളിലേക്കും സ്വകാര്യ സ്ഥാപനങ്ങളിലേക്കും ആധാർ ഓതന്റിക്കേഷൻ വിപുലീകരിച്ചതായി ഇലക്ട്രോണിക്സ് ആൻഡ് ഐടി മന്ത്രാലയം അറിയിച്ചു. ഇ-കൊമേഴ്സ്, ട്രാവൽ & ടൂറിസം, ഹോസ്പിറ്റാലിറ്റി, ആരോഗ്യ സേവനങ്ങൾ തുടങ്ങിയ മേഖലകളിൽ ജനങ്ങൾക്ക് നിരവധി പുതിയ സേവനങ്ങൾ ലഭ്യമാക്കാൻ ഭേദഗതികൾ സഹായിക്കുമെന്നാണ് വിലയിരുത്തൽ.

✪✪✪

ഫെഡറലിസത്തെ തകർക്കുന്ന ശ്രമങ്ങളെ പിന്തുണയ്ക്കുന്ന സമീപനമാണ് കോൺഗ്രസ്സിന്റെയും സഖ്യകക്ഷികളുടേതും എന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. തളിപ്പറമ്പിൽ CPIM കണ്ണൂർ ജില്ലാ സമ്മേളനത്തിന്റെ പ്രതിനിധി സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. മൂന്നു ദിവസത്തെ സമ്മേളനത്തിൽ മുഖ്യമന്ത്രി മുഴുവൻ സമയവും പങ്കെടുക്കും.

✪✪✪

ദേശീയ റോഡ് സുരക്ഷ മാസാചാരണത്തോടനുബന്ധിച്ച് റോഡിൽ പാലിക്കേണ്ട സന്ദേശങ്ങളുയർത്തി അപകടരഹിത റോഡുകൾ എന്ന ലക്ഷ്യവുമായി മോട്ടോർ വാഹനവകുപ്പ്, റോട്ടറി ക്ലബ്ബ് ഓഫ് കാലിക്കറ്റ് സൈബർസിറ്റിയുടെ സഹകരണത്തോടെ കോഴിക്കോട് റോഡ് സേഫ്റ്റി അവേർനസ്സ് മാരത്തൺ സംഘടിപ്പിച്ചു. മലബാർ ക്രിസ്ത്യൻ കോളേജ് ഗ്രൗണ്ടിൽ നിന്നും ആരംഭിച്ച് കോഴിക്കോട് ബീച്ചിൽ ഫ്രീഡം സ്ക്വയറിൽ സമാപന ചടങ്ങുകളോടെ പരിപാടി അവസാനിച്ചു. മേയർ ബീനാ ഫിലിപ്പ് സമാപനചടങ് ഉദ്ഘാടനം ചെയ്തു . അഹമ്മദ് ദേവർകോവിൽ

എം എൽ എ അധ്യക്ഷതവഹിച്ചു സിനിമാ താരങ്ങളായ ആസിഫലി, അപർണ്ണ ബാലമുരളി, സംവിധായകൻ ജിത്തു ജോസഫ് ജില്ലാ കലക്ടർ സ്നേഹിൽകുമാർ സിംഗ്, ഐജി രാജ്പാൽ മിണ, RTO പി നസീർ തുടങ്ങിയവർ പ്രസംഗിച്ചു.

✪✪✪

മാരാമൺ കൺവെൻഷൻ നഗറിലും പരിസരപ്രദേശങ്ങളിലും ഭക്ഷ്യസുരക്ഷാ ലൈസൻസും രജിസ്ട്രേഷനും ഇല്ലാതെ ഭക്ഷ്യവസ്തുക്കളുടെ കച്ചവടം അനുവദിക്കില്ലെന്ന് മന്ത്രി വീണാ ജോർജ് വ്യക്തമാക്കി. കൺവെൻഷനുമായി ബന്ധപ്പെട്ട് ഗവൺമെന്റ് തലത്തിൽ ഏർപ്പെടുത്തേണ്ട ക്രമീകരണങ്ങൾ ചർച്ച ചെയ്യുന്നതിന് മാരാമൺ മാർത്തോമ റിട്രീറ്റ് സെൻററിൽ ചേർന്ന യോഗത്തിൽ അധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

ഭക്ഷ്യ സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തുമെന്നും ആരോഗ്യവകുപ്പും ഭക്ഷ്യസുരക്ഷാ വകുപ്പും ഏകോപനത്തോടെ പ്രവർത്തിച്ച് ഭക്ഷ്യ വിഷബാധയ്ക്കു സാഹചര്യമില്ലെന്ന് ഉറപ്പാക്കുമെന്നും മന്ത്രി പറഞ്ഞു.

✪✪✪

ആലപ്പുഴ ചെന്നിത്തല കോട്ടമുറിയിൽ വീട് കത്തി വൃദ്ധ ദമ്പതിമാരെ മരിച്ച നിലയിൽ കണ്ടെത്തി. ചെന്നിത്തല പടിഞ്ഞാറ് കറ്റോട്ട് രാഘവൻ ഭാര്യ ഭാരതി എന്നിവരാണ് മരിച്ചത്. ടീൻ ഷീറ്റ് കൊണ്ട് നിർമ്മിച്ച വീട് പൂർണമായും കത്തി നശിച്ചു. മകൻ വിജയനെ കാൺമാനില്ല. പുലർച്ചയായിരുന്നു സംഭവം.

✪✪✪

മാനന്തവാടി കല്ലോടി മൂളിത്തോട് പാലത്തിന് താഴെയും, പരിസരത്തുമായി ഇതരസംസ്ഥാന തൊഴിലാളിയുടെ മൃതദേഹ ഭാഗങ്ങൾ ബാഗുകളിൽ ഉപേക്ഷിച്ച നിലയിൽ കണ്ടെത്തി. ഉത്തർപ്രദേശ് സ്വദേശി മുഖീബിന്റെ മൃതദേഹമാണ് കണ്ടെത്തിയത്. സംഭവത്തോടനുബന്ധിച്ചു ഉത്തർപ്രദേശുകാരനായ മുഹമ്മദ് ആരിഫിനെ പോലീസ് കസ്റ്റഡിയിൽ എടുത്തു .

✪✪✪

എറണാകുളം ജില്ലയിലെ തിരുവാണിയൂരിൽ CBSE സ്കൂളിൽ വിദ്യാർത്ഥി ക്രൂരമായ പീഡനങ്ങൾക്ക് വിധേയമായതിനെ തുടർന്ന് ജീവനൊടുക്കിയ സംഭവം ദുഃഖകരവും ഞെട്ടിക്കുന്നതുമാണെന്ന് മന്ത്രി

V ശിവൻകുട്ടി പറഞ്ഞു. പോലീസ് ഇക്കാര്യത്തിൽ അടിയന്തര നിയമനടപടി കൈക്കൊള്ളുമെന്നും മന്ത്രി തിരുവനന്തപുരത്ത് അറിയിച്ചു.

സംഭവത്തെക്കുറിച്ച് സമഗ്ര അന്വേഷണം നടത്തി നടപടി നിർദേശിക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

✪✪✪

കടൽ മണൽ ഖനനത്തിന് ഖനനത്തിന് അനുമതി പത്രം നൽകുന്ന ഈ മാസം 27ന് തീരദേശ ഹർത്താൽ ആചരിക്കാൻ ആലപ്പുഴയിൽ ചേർന്ന ഫിഷറീസ് കോർഡിനേഷൻ സംസ്ഥാനകമ്മിറ്റി യോഗം തീരുമാനിച്ചു. മത്സ്യതൊഴിലാളികൾ പണിമുടക്കുമെന്നും ഫിഷിംഗ് ഹാർബറുകൾ അടച്ചിടുമെന്നും കോർഡിനേഷൻ കമ്മിറ്റി ചെയർമാൻ TN.പ്രതാപനും ജനറൽ കൺവീനർ PP. ചിത്തരഞ്ജനും അറിയിച്ചു.

✪✪✪

ദേശീയപാതയിൽ ഗതാഗതകുരുക്ക് രൂക്ഷമായ കണ്ണൂർ പുതിയതെരു മേഖലയിൽ ഗതാഗത പരിഷ്കാരത്തിന് തുടക്കമായി. ഇന്നലെ നീണ്ട തിരക്ക് ഇല്ലാതായെന്നും പരീക്ഷണം ആശ്വാസകരം ആണെന്നുമാണ് വിലയിരുത്തൽ. ഈ മാസം നാല് വരെ അഞ്ച് ദിവസം പരീക്ഷണാടി സ്ഥാനത്തിലാണ് ഗതാഗത പരിഷ്കാരം നടപ്പിലാക്കുന്നത്.

✪✪✪

സംസ്ഥാന പട്ടികജാതി പട്ടിക ഗോത്രവർഗ കമ്മീഷൻ സിറ്റിംഗ് ഇന്നും കോഴിക്കോട്ട് തുടരും. ഇന്നലത്തെ സിറ്റിംഗിൽ 48 പരാതികൾ പരിഗണിച്ചു. ഇതിൽ 34 എണ്ണം തീർപ്പാക്കി.

✪✪✪

തിരുവനന്തപുരം ബാലരാമപുരത്ത് രണ്ടുവയസ്സുകാരിയെ കൊലപ്പെടുത്തിയ കേസിൽ കുഞ്ഞിന്റെ അമ്മയുടെ സഹോദരൻ ഹരികുമാറിനെ കോടതി 14 ദിവസത്തേക്ക് റിമാൻഡ് ചെയ്തു.

ഇയാളെ നെയ്യാറ്റിൻകര സബ് ജയിലിലേക്ക് മാറ്റി.

✪✪✪

നവംബർ ഒന്നിനകം സമ്പൂർണ അതിദാരിദ്ര്യമുക്ത സംസ്ഥാനമാകുക എന്ന പ്രഖ്യാപിത ലക്ഷ്യത്തിലേക്ക് കേരളം നടന്നടുക്കുകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. CPIM കോഴിക്കോട് ജില്ലാസമ്മേളനത്തിന്റെ സമാപന പൊതുസമ്മേളനം വടകരയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

✪✪✪

സ്വർണവില ഇന്നും കൂടി. ഗ്രാമിന് 15 രൂപ വർദ്ധിച്ച് 7,745 രൂപയും പവന് 61,960 രൂപയുമായി.

✪✪✪

കോലാലംപൂരിൽ അണ്ടർ 19 ക്രിക്കറ്റ് വനിതാ ലോകകപ്പ് ഫൈനലിൽ നാളെ ഇന്ത്യ ദക്ഷിണാഫ്രിക്കയെ നേരിടും.

ഇന്നലെ സെമിയിൽ ഇംഗ്ലണ്ടിനെ ഒൻപതു വിക്കറ്റിനാണ് ഇന്ത്യൻ വനിതകൾ തോൽപ്പിച്ചത്.

✪✪✪

ഇംഗ്ലണ്ടിനെതിരായ ട്വന്റി 20 ക്രിക്കറ്റ് പരമ്പര ഇന്ത്യക്ക്. പൂനെയിൽ നാലാം മത്സരത്തിൽ ഇംഗ്ലണ്ടിനെ 15 റൺസിന് തോൽപ്പിച്ചാണ് അഞ്ചു മത്സരപരമ്പര 3-1ന് ഇന്ത്യ സ്വന്തമാക്കിയത്.

ടോസ് നഷ്ടപ്പെട്ട് ബാറ്റിംഗിന് ഇറങ്ങിയ ഇന്ത്യ 20 ഓവറിൽ ഒമ്പത് വിക്കറ്റിന് 181 റൺസ് എടുത്തു. ഇംഗ്ലണ്ട് 19.4 ഓവറിൽ 166 റൺസിന് പുറത്തായി.

പരമ്പരയിലെ അവസാനത്തെയും അഞ്ചാമത്തേയും മത്സരം നാളെ മുംബൈ വാങ്കഡെ സ്റ്റേഡിയത്തിലാണ്.

✪✪✪

മുംബൈയിൽ ISL ഫുട്ബോളിൽ വൈകിട്ട് അഞ്ചിന് പഞ്ചാബ് FC, ബംഗളൂരു FCയെ നേരിടും.

ഇന്നലെ കൊൽക്കത്ത ഈസ്റ്റ് ബംഗാൾ - മുംബൈ സിറ്റി FC മത്സരം ഗോൾരഹിത സമനിലയിൽ പിരിഞ്ഞു.

✪✪✪

കൊൽക്കത്തയിൽ ഐ ലീഗ് ഫുട്ബോളിൽ ഗോകുലം കേരള ഇന്ന് ഇന്റർ കാശിക്കെതിരേ കളത്തിലിറങ്ങും. കൊൽക്കത്തയിലെ കല്യാണി

സ്റ്റേഡിയത്തിൽ രാത്രി ഏഴിനാണ് മത്സരം. തുടർച്ചയായ മൂന്നാം ജയം ലക്ഷ്യമിട്ടിറങ്ങുന്ന ഗോകുലം കേരള ഇന്ന് ജയിച്ചാൽ പോയിന്റ് നില മെച്ചപ്പെടുത്തി രണ്ടാം സ്ഥാനത്തെത്തും.

✪✪✪

കണ്ണൂർ ജില്ല ഫുട്ബോൾ അസോസിയേഷന്റെ സീനിയർ ഡിവിഷൻ ലീഗിൽ മയ്യിൽ യങ്ങ് ചാലഞ്ചേർസ്സ് സ്പോർട്സ് ക്ലബ്ബ്- വളപട്ടണം ടൗൺ ഫുട്ബോൾ കോച്ചിംഗ് സെന്ററുമായി ഏറ്റുമുട്ടം. സീനിയർ ഡിവിഷൻ ലീഗിൽ കാഞ്ഞിരോട് ജനത സ്പോർട്സ് ക്ലബ്ബ് - ജില്ല പോലീസ്ഫുട്ബോൾ ടീമുമായി മത്സരിക്കും.

✪✪✪

ഡെറാഡൂണിൽ 38-ാം ദേശീയ ഗെയിംസിൽ ഇന്നലെ കേരളം വെള്ളിയും വെങ്കലവും നേടി. ബീച്ച് ഹാൻഡ്ബോളിൽ കേരള വനിതകളാണ് വെള്ളി നേടിയത്. ഓഡീഷയോട് പരാജയപ്പെട്ട ഖോ ഖോ പുരുഷ ടീമിനാണ് വെങ്കലം. ഇതോടെ രണ്ട് സ്വർണവും ഒരു വെള്ളിയും മൂന്നു വെങ്കലവുമടക്കം കേരളത്തിന്റെ മെഡൽ നേട്ടം ആറായി. മെഡൽ പട്ടികയിൽ കേരളം 11-ാമതാണ്. ഒൻപത് സ്വർണവുമായി മണിപ്പുരാണ് ഒന്നാമത്.

✪✪✪

അതേസമയം, ദേശീയ ഗെയിംസിൽ പ്രദർശന മത്സരയിനമായിരുന്ന കളരിപ്പയറ്റിൽ കേരളം സ്വർണം വാരിക്കൂട്ടി. രണ്ടു ദിവസമായി നടന്ന മത്സരത്തിൽ 15 സ്വർണവും രണ്ട് വെള്ളിയും അടക്കം 17 മെഡലാണു കേരളം നേടിയത്.

ഗോവ ദേശീയ ഗെയിംസിൽ 19 സ്വർണമടക്കം 22 മെഡലാണു കളരിപ്പയറ്റിൽ മാത്രം കേരളം നേടിയത്. അന്ന് മത്സരയിനം ആയിരുന്നതിനാൽ 36 സ്വർണനേട്ടത്തിന്റെ പൊലിമയിൽ അഞ്ചാം സ്ഥാനത്തെത്താൻ കേരളത്തിനായി.

✪✪✪

കോഴിക്കോട് തിക്കോടി ഡ്രൈവ് ഇൻ ബീച്ചിൽ കൂടുതൽ സുരക്ഷാക്രമീകരണങ്ങൾ ഏർപ്പെടുത്താൻ തീരുമാനിച്ചു. ബീച്ചിലെ 250 മീറ്റർ സ്ഥലത്ത് അപായ സൂചന ബോർഡുകൾ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ സ്ഥാപിക്കും. പരിശീലനം സിദ്ധിച്ച

നാട്ടുകാരായ 9 മത്സ്യത്തൊഴിലാളികളുടെ സേവനം ബീച്ചിൽ ലഭ്യമാക്കും. ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് തീരുമാനം.

✪✪✪

ആലപ്പുഴ - ധൻബാദ് എക്സ്പ്രസിൽ രണ്ടു ഡി റിസർവ് കോച്ചുകൾ അനുവദിച്ച് റെയിൽവേ മന്ത്രാലയം ഉത്തരവിറക്കിയതായി KC. വേണുഗോപാൽ MP അറിയിച്ചു. ആലപ്പുഴ മുതൽ കോയമ്പത്തൂർ വരെ സീസൺ ടിക്കറ്റ് യാത്രക്കാർക്ക് അടുത്ത മാസം 24 മുതൽ സൗകര്യം ലഭ്യമാകും. സീസൺ ടിക്കറ്റു യാത്രക്കാർക്ക് നേരത്തേ ആലപ്പുഴ മുതൽ കോയമ്പത്തൂർ വരെ സ്ലീപ്പർ ക്ലാസിൽ യാത്ര ചെയ്യാമായിരുന്നു. ഈ സൗകര്യം റെയിൽവേ പിൻലവിച്ചിരുന്നു. റെയിൽവേ ഉദ്യോഗസ്ഥരുടെ യോഗത്തിൽ KC വേണുഗോപാൽ ആവശ്യമുന്നയിച്ചതിനെത്തുടർന്നാണ് നടപടി.

✪✪✪

കണ്ണൂർ സർവകലാശാലയും, ബ്രിട്ടനിലെ യൂണിവേഴ്സിറ്റി ഓഫ് വെസ്റ്റ് ലണ്ടന്റെ UAE റാസ് അൽ ഖൈമ ബ്രാഞ്ച് ക്യാമ്പസും വിവര സാങ്കേതിക വിദ്യാ മേഖലയിലെ അക്കാദമിക, ഗവേഷണ പ്രവർത്തനങ്ങളിൽ ധാരണാപത്രം ഒപ്പിട്ടു.

കണ്ണൂർ സർവകലാശാലാ ആസ്ഥാനത്ത് വൈസ് ചാൻസലർ പ്രൊഫ. KK. സാജു, യൂണിവേഴ്സിറ്റി ഓഫ് വെസ്റ്റ് ലണ്ടൻ റാസ് അൽ ഖൈമ ബ്രാഞ്ച് ക്യാമ്പസ് CEO അഹമ്മദ് റാഫി ബി. ഫെറിയുമാണ് ധാരണാപത്രത്തിൽ ഒപ്പു വെച്ചത്.

✪✪✪

കോഴിക്കോട് മെഡിക്കൽ കോളേജിനോട് സംസ്ഥാന ഗവൺമെന്റ് അവഗണന പുലർത്തുകയാണെന്ന് ആരോപിച്ച് BJP കോഴിക്കോട് സിറ്റി ജില്ല പ്രസിഡന്റ് KP പ്രകാശ് ബാബുവിന്റെ നേതൃത്വത്തിൽ മെഡിക്കൽ കോളെജ് പരിസരത്ത് ജനകീയ സത്യാഗ്രഹം ആരംഭിച്ചു. മരുന്ന് ക്ഷാമത്തിന് ഉടൻ പരിഹാരം കാണണമെന്ന് അവർ ആവശ്യപ്പെട്ടു.

✪✪✪

---

*News Editor: സുരേഷ് വി കെ*
*News Reader: അനിൽ ചന്ദ്രൻ*
*Casual News Reader : സിയാബ്*
*DEO : ഷീബ*